റിപ്പോർട്ട്

എ. മുഹമ്മദ് അസ്‌ലം

# ബീമാപള്ളി
# സക്രിയമായ പ്രസ്ഥാന ഇടപെടൽ

**2009** മെയ് 17 കേരള ചരിത്രത്തിൽ സവിശേഷ ശ്രദ്ധയർഹിക്കുന്ന ദിനമായി എണ്ണപ്പെടും. മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള ബീമാപള്ളി കടപ്പുറത്ത് അന്ന് വൈകീട്ട് പോലീസിന്റെ നരനായാട്ടിൽ പൊലിഞ്ഞത് 6 പേരുടെ ജീവൻ. ജീവഛവമായി കിടക്കുന്നവർ മുപ്പതിലധികം. കേരളത്തിലെ പോലീസ് വെടിവെപ്പ് ചരിത്രത്തിൽ ഇത്രയും റൗണ്ട് വെടിയുതിർത്ത, ഇത്രയും അത്യാഹിതമുണ്ടായ മറ്റൊരും സംഭവമുണ്ടായിട്ടില്ല. ഇതൊരു കുറിമാനമായി നിലനിർത്തി മാത്രമേ കേരളത്തിന്റെ ഭാവിയെക്കുറിച്ച് ചിന്തിക്കാൻ കഴിയൂ. വെടിവെക്കുന്നതിന്റെ മാനദണ്ഡങ്ങളൊന്നും പാലിച്ചില്ല എന്നു മാത്രമല്ല, ആരാണ് വെടിവെപ്പിന് ഉത്തരവിട്ടത് എന്നതുപോലും ഇപ്പോഴും തർക്കവിഷയമാണ്.

ചെറിയതുറയെന്ന ക്രിസ്ത്യൻ ഭൂരിപക്ഷപ്രദേശത്തെയും ബീമാപള്ളിയെന്ന മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്തെയും ചിലർ തുടങ്ങിവെച്ച വർഗീയ സംഘട്ടനമല്ല അവിടെ നടന്നതെന്ന് ഇരു വിഭാഗത്തിന്റെയും നേതാക്കൾ സർവകക്ഷിയോഗത്തിൽ ഉറപ്പിച്ചു പറഞ്ഞു. മരിച്ചത് ഒരു വിഭാഗത്തിൽ പെട്ടവർ മാത്രം. പോലീസ് മാത്രം പ്രതിയാക്കപ്പെട്ട സാഹചര്യം. പക്ഷേ നമ്മുടെ ഡി.ജി.പി ഒറ്റ ദിവസം കൊണ്ട് തയാറാക്കിയ റിപ്പോർട്ടിൽ ഒരു ഭീകരാക്രമണം മെനഞ്ഞുണ്ടാക്കി. ഒരുകൂട്ടം ഭീകരരുടെ ആക്രമണത്തെ പ്രതിരോധിക്കേണ്ടി വന്നപ്പോഴാണത്രെ വെടിവെക്കേണ്ടി വന്നത്! ജലാറ്റിൻ സ്റ്റിക്ക്, റോക്കറ്റ് ലോഞ്ചർ തുടങ്ങിയവ അക്രമികളുടെ കൈയിൽ ഉണ്ടായിരുന്നുപോലും! (സാധാരണ നാടൻ ബോംബ് പിടിച്ചാൽ തന്നെ അതിന് ചുറ്റും നിന്ന് ഫോട്ടോക്ക് പോസ് ചെയ്യുന്ന പോലീസുകാർക്ക് ഇവയുടെ പൊടിപോലും കിട്ടിയില്ല.) അടുത്ത ദിവസം *മനോരമ* ദിനപത്രം സൗജന്യമായി വിതരണം ചെയ്യുന്ന *മെട്രോ*യിൽ പോലിസ് റിപ്പോർട്ട് ഒരു ക്രോസ് ചെക്കിംഗും കൂടാതെ വർണാഭമായി അടിച്ചു വന്നു. വർഗീയ സംഘട്ടനമല്ലെന്ന് പറഞ്ഞവർ വാക്കുമാറ്റാൻ തുടങ്ങി. പുറത്തുനിന്നെത്തിയ ഭീകരസംഘമാണ് അക്രമി സംഘമെന്ന് തട്ടിവിട്ടു.



ഇത്രയുമായപ്പോൾ പോലീസ് സുരക്ഷിതരായി. ബീമാപള്ളിക്കാർക്കും പോലിസിന്റെ നിലപാടിനൊത്ത് വാക്കു മാറ്റിയ ചെറിയതുറക്കാർക്കുമായി ജാമ്യമില്ലാ വകുപ്പുകൾ ഉള്ള 32 കേസുകൾ. പോലീസുകാരെ സസ്പെൻഡ് ചെയ്തത് വെടിവെപ്പിന്റെ പേരിലല്ല, പോലിസ് പിക്കറ്റ് പിൻവലിച്ചതിന്റെ പേരിൽ. അവർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കാൻ സ്വകാര്യ ഹർജിക്കാരൻ വേണ്ടിവന്നു.

ഒറ്റദിവസം കൊണ്ട് ബീമാപള്ളിക്കാരായ 600 നിരപരാധികൾ പ്രതികളായി! ഗുരുതരമായി പരിക്കേറ്റവർ നിരവധി. ഇവരുടെ ചികിത്സ മുതൽ കേസുകളുടെ നടത്തിപ്പിന്റെ ചുമതല വരെ ബീമാപള്ളിക്കാരുടെ തലയിൽ!

ജമാഅത്തെ ഇസ്‌ലാമിയും ഇതര മുസ്‌ലിം സംഘടനകളും ബീമാപള്ളിക്കാർക്ക് സഹായഹസ്തം നീട്ടി. മരിച്ചവരെ കൊണ്ടുവരാൻ ആംബുലൻസ് നൽകാനും മുസ്‌ലിം സംഘടനാ ഏകോപന സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്താനുമൊക്കെ ജമാഅത്തെ ഇസ്‌ലാമി മുൻനിരയിൽ നിന്നു. മരിച്ചവരുടെ സംസ്കാര ചടങ്ങുകളിൽ പ്രസ്ഥാന നേതൃത്വവും പ്രവർത്തകരും സജീവമായിരുന്നു. അന്നേ ദിവസം എത്താൻ കഴിയാതിരുന്ന അമീർ ടി. ആരിഫലി

സാഹിബ് രണ്ടാം ദിവസമാണ് എത്തിച്ചേർന്നത്. ആദ്യം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെ അമീർ സന്ദർശിച്ചു. ഉച്ചക്കു ശേഷം ബീമാപള്ളി ജമാഅത്ത് ഓഫീസിൽ എത്തുകയും ഭാരവാഹികളുമായി സംഭാഷണം നടത്തുകയും ചെയ്തു. അപ്പോൾ അവിടെയെത്തിയ റവന്യു മന്ത്രി കെ.പി. രാജേന്ദ്രൻ, ജില്ലാ കലക്ടർ തുടങ്ങിയവരെ ഉൾപ്പെടുത്തി ജമാഅത്ത് കമ്മിറ്റി ഓഫീസിൽ നടന്ന യോഗത്തിലും അമീർ സംസാരിച്ചു. തുടർന്ന് ജമാഅത്ത് ഭാരവാഹികളോടൊപ്പം മരണപ്പെട്ടവരുടെ വീടുകൾ സന്ദർശിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും മരിച്ചവർക്കായി പ്രാർഥിക്കുകയും ചെയ്തു. ഇതോടൊപ്പം ക്രൈസ്തവ നേതാക്കളെ കണ്ട് ആശയവിനിമയം നടത്താനും അമീർ സമയം കണ്ടെത്തി. സംഭവം സാമുദായിക ധ്രുവീകരണത്തിലേക്ക് എത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ഇരു വിഭാഗത്തോടും അമീർ അഭ്യർഥിച്ചത്.

ഈ സംഭവത്തിന്റെ ഒരു ഘട്ടത്തിലും മനുഷ്യാവകാശ പ്രവർത്തകർ രംഗത്തുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. അതിനുപിന്നിൽ പ്രവർത്തിച്ചത് ബീമാപള്ളിയെന്ന സ്ഥലത്തെയും അവിടത്തെ ആളുകളെയും കുറിച്ചുള്ള പൊതുബോധമാണ്. ഇത് മുസ്‌ലിം സമുദായത്തിനകത്ത് വലിയ ക്ഷോഭമാണ് ഉണ്ടാക്കിയത്. എങ്കിലും പി.യു.സി.എൽ സംഘം സംഭവസ്ഥലം സന്ദർശിച്ച് പഠനം നടത്തി. ജമാഅത്തെ ഇസ്‌ലാമി പ്രധാനമായും ശ്രദ്ധിച്ചത് മറ്റുള്ള മനുഷ്യാവകാശ പ്രവർത്തകരെയും സംഘങ്ങളെയും ഇതിൽ ഇടപെടുവിക്കാനായിരുന്നു. സോളിഡാരിറ്റി നടത്തിയ മനുഷ്യാവകാശ കൂട്ടായ്മയിൽ കെ. കെ. കൊച്ച്, കെ. സലീം കുമാർ, ബാബുരാജ് തുടങ്ങിയവർ പങ്കെടുത്തു. പി.കെ. ഗോപിനാഥൻ നായർ, സുഗതകുമാരി, സൂസൈപാക്യം തുടങ്ങിയവർ അടങ്ങിയ ശാന്തി സമിതിയെയും രംഗത്തിറക്കാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു. മുസ്‌ലിം സംഘടനാ ഏകോപനസമിതിയെ അത്തരമൊരു ദിശയിലേക്ക് കൊണ്ടുവരുന്നതിന് പ്രസ്ഥാന നേതൃത്വത്തിന്റെ ഇടപെടൽ കാരണമായിട്ടുണ്ട്. ദേശീയതലത്തിലെ പ്രമുഖരായ മനുഷ്യാവകാശ പ്രവർത്തകരെ പങ്കെടുപ്പിച്ച് മനുഷ്യാവകാശ സമ്മേളനം നടത്താൻ ഏകോപനസമിതി തീരുമാനിച്ചിട്ടുണ്ട്.

ഈ വിഷയത്തിലെ ശ്രദ്ധേയമായ ചുവടുവെപ്പാണ് മുസ്‌ലിം സംഘടനാ ഏകോപനസമിതിയുടെ രൂപവത്കരണം. സോളിഡാരിറ്റി സംഘടിപ്പിച്ച മനുഷ്യാവകാശ കൂട്ടായ്മയിൽ പങ്കെടുത്ത ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് എ. എസ് നൂറുദ്ദീൻ ബീമാപള്ളി വെടിവെപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാൻ ആക്ഷൻ കമ്മിറ്റി രൂപീകരണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. അതിനടുത്ത ദിവസങ്ങളിൽ ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കടയ്ക്കൽ അബ്ദുൽ അസീസ് മൗലവിയും സമാനമായ പ്രഖ്യാപനം നടത്തി മുസ്‌ലിം സംഘടനകളുടെ യോഗം വിളിച്ചുചേർത്തു. ജമാഅത്തെ ഇസ്‌ലാമിയെ പ്രതിനിധീകരിച്ച് സംസ്ഥാന സമിതിയംഗം എച്ച്. ശഹീർ മൗലവി, ജില്ലാ സമിതിയംഗം എൻ.എം. അൻസാരി, എ.എ ജവാദ്, സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് ജെ. കെ. മുജീബുറഹ്മാൻ, വൈസ് പ്രസിഡന്റ് സുധീർ, എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി എ. മുഹമ്മദ് അസ്‌ലം, സംസ്ഥാനസമിതിയംഗം അബ്ദുൽ ഖാദർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഓരോ സംഘടനയിൽനിന്നും ഒരാളെ ഉൾപ്പെടുത്തി മുസ്‌ലിം സംഘടനാ ഏകോപനസമിതിക്ക് രൂപംനൽകി.

നിയമപരമായ മാർഗനിർദേശങ്ങൾ നൽകാൻ നിയമ സെല്ലും, സേവന പ്രവർത്തനങ്ങൾക്കായി വെൽഫെയർ കമ്മിറ്റിയും, മാധ്യമ കാര്യങ്ങൾ ശ്രദ്ധിക്കാൻ മീഡിയാ സെല്ലും രൂപവത്കരിച്ചു. മനുഷ്യാവകാശ സമ്മേളനം സംഘടിപ്പിക്കാൻ പ്രത്യേകം സമിതി ഉണ്ടാക്കിയിട്ടുണ്ട്.

മരിച്ചവർക്കും പരിക്കേറ്റവർക്കുമുള്ള ധനസഹായം സർക്കാർ പ്രഖ്യാപിച്ചത് വെടിവെപ്പിന് ഏതാനും ദിവസങ്ങൾക്കു ശേഷമാണ്. എന്നാൽ ഗുരുതരമായി പരിക്കേറ്റവരുടെ വിവരങ്ങൾ കിട്ടിത്തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ബീമാപള്ളി വെടിവെപ്പിന്റെ ജീവിക്കുന്ന രക്തസാക്ഷികളായ നിസാമുദ്ദീൻ ഉൾപ്പെടെയുള്ള പരിക്കേറ്റവരുടെ പൂർണവിവരങ്ങൾ സർക്കാരിന് മുമ്പിൽ എത്തിയിരുന്നില്ല. വെടിവെച്ച ശേഷം പോലീസ് വണ്ടിയിൽ കയറ്റി, കാൽ പുറത്തുകിടക്കുന്നത് വകവെക്കാതെ തുടരെ തുടരെ ഡോർ അടച്ചതു കാരണം നിസാമുദ്ദീന്റെ കാൽ തകരുകയും മുട്ടിന് മുകളിൽ കാൽ മുറിച്ചു മാറ്റേണ്ടി വരികയുമായിരുന്നു. ഡിഗ്രിവരെ പഠിച്ച, ഡ്രൈവർ ജോലി ചെയ്യുന്ന നിസാമുദ്ദീന്റെ ഭാവി ജീവിതം വഴിമുട്ടിയിരിക്കുന്നു. ഇങ്ങനെ ഗുരുതരാവസ്ഥയിലുള്ള നിരവധിപേർക്ക്, പരിക്കേറ്റവർക്ക് പ്രഖ്യാപിച്ച ഒരു ലക്ഷത്തിന് താഴെയുള്ള നഷ്ടപരിഹാരം മതിയാവുകയില്ല. കൂടാതെ നിരപരാധികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ഗുരുതരമായി പരിക്കേറ്റവർക്ക് കൂടുതൽ നഷ്ടപരിഹാരം, കേസുകൾ പിൻവലിക്കുക എന്നിവയുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് ഏകോപനസമിതി ഭാരവാഹികൾ മുഖ്യമന്ത്രിയെയും ആഭ്യന്തര മന്ത്രിയെയും കണ്ടു. വിഷയങ്ങൾ അനുഭാവപൂർവം പരിഹരിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകി. അത് നടപ്പിലാകുന്നതുവരെ മരിച്ചവർക്കുള്ള നഷ്ടപരിഹാരം സ്വീകരിക്കേണ്ടതില്ലെന്ന് ഏകോപനസമിതി തീരുമാനിച്ചിരുന്നു. തുടർന്ന് മുഖ്യമന്ത്രിയുടെ ദൂതനെന്ന നിലയിൽ ഭക്ഷ്യ വകുപ്പു മന്ത്രി സി. ദിവാകരനുമായി ചർച്ച നടത്തി അടുത്ത കാബിനറ്റിൽ തീരുമാനിക്കാമെന്ന ഉറപ്പിൽ നഷ്ടപരിഹാരം സ്വീകരിക്കാൻ തീരുമാനിക്കുകയായിരുന്നു.

അടിയന്തരമായ ഈ പ്രശ്നങ്ങൾ നേരിടാൻ ശ്രമം നടത്തുന്നതോടൊപ്പം, ബീമാപള്ളിയിലെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥക്ക് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരം കാണാൻ ചില നടപടികളും ജമാഅത്തെ ഇസ്‌ലാമിയുടെ ആലോചനയിലുണ്ട്. വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കപ്പെട്ടാലേ ബീമാപള്ളിയിലെ നിലവിലെ അവസ്ഥ മാറ്റാൻ കഴിയൂ. പലവിധ തെറ്റിദ്ധാരണകളാൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ അകറ്റിനിർത്തിയ ഒരു പ്രദേശത്ത് നിർണായകമായ സന്ദർഭത്തിൽ ഏറ്റവും ശരിയായ ഇടപെടൽ നടത്താൻ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ■

*(എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറിയായ ലേഖകൻ ബീമാപള്ളിക്കടുത്ത പൂന്തുറ സ്വദേശിയാണ്)*